# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2709 10.12.2014-ൽ മറുപടിക്ക്**

**റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതി**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ. | റാന്നി, വടശ്ശേരിക്കര-പഴവങ്ങാടി പഞ്ചായത്തുകളിലായി നടപ്പാക്കുന്ന റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം എന്നാണാ രംഭിച്ചത്; എത്ര രൂപ യാണ് ഇതിന്റെ നിർമമാണ ചെലവ്; | എ | റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം 4/2008 ലും രണ്ടാം ഘട്ടം 9/2012 ലും നിർമ്മാണം ആരംഭിച്ചു. പദ്ധതിയുടെ 2014 നവംബർ വരെയുള്ള നിർമ്മാണ ചെലവ് ഒന്നാം ഘട്ടത്തിന് 1316.30 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 819.93 ലക്ഷം രൂപയുമാണ്. |
| ബി. | ആദ്യഘട്ടം കമ്മീഷൻ ചെയ്യുന്നതിന് ഇനിയും എന്തൊക്കെ പ്രവൃത്തി കളാണ് ബാക്കിയുള്ളത്; ഈ പ്രവൃത്തി പൂർത്തീകരിക്കാൻ താമസം നേരിടുന്നത് എന്തു കൊണ്ട്; ഇത് എന്നത്തേക്ക് പൂർത്തീ കരിക്കാനാണ് ലക്ഷ്യ മിട്ടിരുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നത് എന്ന് വ്യക്ത മാക്കാമോ ? | ബി. | ടി ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾ പ്പെട്ട ചെല്ലക്കാട്, തേക്കമല എന്നീ ബൂസ്റ്റർ പമ്പ് ഹൗസുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് കരാർ നൽകിയെങ്കിലും പണികൾ പൂർത്തീ കരിച്ചിട്ടില്ല. പണി എത്രയും വേഗത്തിൽ പൂർത്തീകരിക്കുവാൻ കരാറുകാരന് നിർ ദ്ദേശം നൽകിയിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കു ന്നതിന് പുറമേ വൈദ്യുതി കണക്ഷനും ലഭ്യമാകേണ്ടതുണ്ട്. പഴവങ്ങാടി പഞ്ചായത്തി ലേക്കുള്ള പി.വി.സി. ഗ്രാവിറ്റി ലൈൻ പൊതു മരാമത്ത് വകുപ്പിന്റെ കലുങ്ക് നിർമ്മാണം മൂലം തകരാറിലായിട്ടുണ്ട്. ഇത് നന്നാക്കുന്നത് ശബരിമല സീസണിന് ശേഷമേ കഴിയുകയുള്ളൂ. ഈ പ്രവർത്തികളും പമ്പ് സെറ്റ് സ്ഥാപിക്കുന്ന പണികളും ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ